## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 21 | 2022 |
|---|---|



### ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2022@gmail.com

---

## തീർഥാടകർക്ക് ഭക്ഷ്യ പദാർഥങ്ങൾ ന്യായ വിലയ്ക്ക് ഉറപ്പാക്കും: മന്ത്രി അഡ്വ. ജി.ആർ. അനിൽ

തീർഥാടകർക്ക് ഭക്ഷ്യ പദാർഥങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുമെന്ന് ഭക്ഷ്യ, പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി.ആർ. അനിൽ പറഞ്ഞു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ വകുപ്പ് നടത്തിയ ഒരുക്കങ്ങൾ പമ്പയിൽ ചേർന്ന അവലോകന യോഗത്തിൽ വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഞ്ചു ഭാഷകളിലായി വില വിവരപ്പട്ടിക പ്രദർശിപ്പിക്കും. മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ഇടപെടലുകൾ ആണ് വകുപ്പ് നടത്തിയിരിക്കുന്നത്. പലതവണ ഓൺലൈൻ യോഗങ്ങൾ ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി. മുൻ വർഷങ്ങളിൽ വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ ആണ് നടത്തിയത്. ഇത്തവണ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചു. നവംബർ 16 മുതൽ ഹോട്ടലുകളിൽ വിൽക്കുന്ന 40 ഇനങ്ങളുടെ വില നിശ്ചയിച്ചു. വില വിവര പട്ടിക പ്രദർശിപ്പിക്കാൻ വേണ്ട നടപടികൾ ജില്ലാ കളക്ടരുടെ നേതൃത്വത്തിൽ നടത്തി. ജ്യൂസ് ഉൾപ്പെടെ ഉള്ള 28 ബേക്കറി ഉത്പന്ന

ങ്ങളുടെ വിലയും നിശ്ചയിച്ചിട്ടുണ്ട്.

അംഗീകരിച്ച വിലവിവര പട്ടിക എല്ലാ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും അതേ വിലയ്ക്ക് തന്നെ ആണോ വിൽപ്പന നടത്തുന്നത് എന്നും പരിശോധനകൾ നടത്തും. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഭക്ഷണത്തിന്റെ അളവ്, ഗുണ നിലവാരം എന്നിവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കും. ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ഇതുവരെ 332 പരിശോധനകൾ നടത്തി. വില്പനയ്ക്ക് വച്ചിരിക്കുന്ന ഉത്പന്നങ്ങളുടെ എക്സ്പയറി ഡേറ്റ്, ഗുണനിലവാരം എന്നിവ ഉറപ്പാക്കും. തീർഥാടകർക്ക് വിശ്വസിച്ചു ഭക്ഷണം വാങ്ങി കഴിക്കാൻ കഴിയണം എന്നും കുറഞ്ഞ വിലയ്ക്ക് ഭക്ഷണം കഴിക്കുന്നതിനായി കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

ശബരിമല തീർഥാടനത്തിനായി എല്ലാ വകുപ്പുകളെയും എകോപിപ്പിച്ചു സംസ്ഥാന സർക്കാർ മികച്ച തയാറെടുപ്പാണ് നടത്തിയതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച അഡ്വ. പ്രമോദ് നാരായണൻ എംഎൽഎ പറഞ്ഞു. വകുപ്പ് മന്ത്രി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സൂക്ഷ്മമായ ഇടപെടലുകൾ നടത്തി. ഇവിടെ വരുന്ന ഓരോ ഭക്തനും ദൈവ തുല്യൻ ആണ്. വിലയുടെ പേരിൽ ചൂഷണം ഇല്ലാതെ നല്ല രീതിയിലുള്ള പ്രവർത്തനം നടത്തി.
തീർഥാടകർ ഭക്ഷണം കഴിക്കുന്ന ഭക്ഷണ ശാലകളിലെ തൊഴിലാളികളുടെ ശുചിത്വം ഉറപ്പാക്കും. ജ്യൂസ് ഉത്പന്നങ്ങളുടെ അവശിഷ്ടം കൃത്യ സമയങ്ങളിൽ നീക്കണം. വഴിയോരങ്ങളിൽ വില്പനക്കായി മുറിച്ചു വയ്ക്കുന്ന ഫലങ്ങൾ പൊതിഞ്ഞാണോ വച്ചി രിക്കുന്നത് എന്നുള്ള പരിശോധനകൾ നടത്തേണ്ടത് അത്യാവശ്യമാണ്. തീർഥാടകർക്കായി എത്തിക്കുന്ന സോഡ, പാൽ എന്നീ ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുമെന്നും എം എൽ എ പറഞ്ഞു.

മൂന്നു വർഷത്തെ ഇടവേളയ്ക്ക് ശേഷം നടക്കുന്ന തീർഥാടനം ആയതുകൊണ്ട് ഏറെ തിരക്കാണ് അനുഭവപ്പെടുന്നതെന്ന് അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎ പറഞ്ഞു. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ യാതൊരു വിട്ടു വീഴ്ചയും ഇല്ലാത്ത പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഭക്ഷണ ഉത്പന്നങ്ങളുടെ അളവും വിലയും കൃത്യമായ ഇടവേളകളിൽ പരിശോധിക്കണമെന്നും എംഎൽഎ പറഞ്ഞു.

ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ, ശബരിമല എഡിഎം ടി.ജി. ഗോപകുമാർ, പത്തനംതിട്ട ഡിഎസ്ഒ എം. അനിൽ, ഇടുക്കി ഡിഎസ്ഒ അനിൽകുമാർ, കോട്ടയം ഡിഎസ്ഒ വി. ജയപ്രകാശ്, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ, ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.